**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **28-01-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം സഹകരണ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ? | (എ) | 1. കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ രണ്ടു സഹകരണ സംഘങ്ങൾ മുഖേന സോളാർ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.<br><br>2. മഞ്ഞൾഗ്രാമം - കർഷകർക്ക് മഞ്ഞൾ വിത്ത് വിതരണം നടത്തി ആയത് സഹകരണ സംഘം ശേഖരിച്ച് ശുദ്ധമായ മഞ്ഞൾപൊടി വിതരണം നടത്തി വരുന്നുണ്ട്.<br><br>3. കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ രണ്ടു സഹകരണ സംഘങ്ങൾ മുഖേന മത്സ്യകൃഷി നടത്തി വരുന്നുണ്ട്.<br><br>4. കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ സഹകരണസംഘം മുഖേന ഔഷധിക്ക് നൽകുന്നതിനുള്ള കുറുന്തോട്ടി കൃഷി നടത്തുന്നതിനു വേണ്ട എല്ലാവിധ സഹായങ്ങളും ചെയ്തു വരുന്നു.<br><br>5. കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് സൗജന്യ മരുന്നും, ആംബുലൻസ് സേവനങ്ങളും സഹകരണ സംഘങ്ങൾ മുഖേന ഏർപ്പെടുത്തി വരുന്നു.<br><br>6. സഹകരണ സംഘം മുഖേന നിക്ഷയ പദ്ധതി പ്രകാരം കണ്ടെത്തുന്ന രോഗികൾക്കുള്ള ഭക്ഷ്യകിറ്റു വിതരണവും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് സൗജന്യ സ്ട്രക്ച്ചർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നു.<br><br>7. സഹകരണസംഘം മുഖേന സൗജന്യ പി.എസ്.സി. കോച്ചിങ്ങും, ഭിന്നശേഷി വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ